LIBRARY ARCHIVES Kerala Legislative Assembly

## II റൂളിംഗ്

### ഭരണപരമായ തീരുമാനങ്ങളുടെ പേരിൽ അടിയന്തരപ്രമേയം

മി. സ്പീക്കർ : റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. ഒരിക്കൽ പറയുന്ന കാര്യങ്ങൾ വീണ്ടും സഭയിൽ ആവർത്തിക്കാതിരിക്കാൻ എല്ലാവരും സഹകരിക്കണമെന്ന് ആദ്യം അപേക്ഷിക്കട്ടെ. ഭരണപരമായ ഒരു കാര്യമാണ് ഇവിടെ ഇന്ന് വന്നിരിക്കുന്ന വിഷയം. ഗവൺമെന്റിന് ഭരണ പരമായ ചില തീരുമാനങ്ങൾ എടുക്കേണ്ടിവരും. അത്തരം തീരുമാനങ്ങളുടെ പേരിലെല്ലാം അടിയന്തര പ്രമേയമായി ചർച്ച ചെയ്യാൻ സാദ്ധ്യമല്ലെന്നുള്ളത് ഈ സഭയിലെ എല്ലാ ആളുകൾക്കും അറിയാവുന്ന ഒരു കാര്യമാണ്. ക്യാബിനറ്റ് ഒരു തീരുമാനമെടുത്ത് ഗവർണ്ണർ എടുത്ത നടപടിയാണ് ഇന്ന് അടിയന്തര പ്രമേയമായി വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ ഇത് അനുവദിക്കാൻ പാടില്ലാത്തതാണ്. ഇത്തരം അനുവദിക്കാൻ പാടില്ലാത്ത കാര്യം ഒഴിവാക്കാൻ എല്ലാവരും പരമാവധി ശ്രദ്ധിക്കേണ്ടതാണ്. സുഗമമായി സഭ നടന്നുപോകട്ടെ എന്നുള്ള ആഗ്രഹത്തിന്റെ ഫലമായിട്ടാണ് ചില കാര്യങ്ങൾ ചെയർ അനുവദിക്കുന്നത്. ....(ബഹളം)...... നിങ്ങൾ ശബ്ദിച്ചാൽ ഞാൻ പറയുന്നതെങ്ങനെയാണ് കേൾക്കുക? ഇന്ന് ഈ അടിയന്തരപ്രമേയം അനുവദിച്ചിട്ട് ഇതൊന്നും കീഴ്‌വഴക്കമാകരുതെന്ന് പറയുകയാണ്. കീഴ്‌വഴക്ക മാകരുതെന്ന് പറയുമ്പോൾ വീണ്ടും ആകുന്നു. ഞാൻ വീണ്ടും ആവർത്തിക്കില്ല. പക്ഷേ ഇന്ന് ഈ അടിയന്തരപ്രമേയം ചെയർ അനുവദിക്കുന്നു. പക്ഷേ മേലിൽ ഇതൊരു കീഴ്‌വഴക്കമായി ചെയർ സ്വീകരിക്കുന്നതായിരിക്കില്ല.

## III അടിയന്തര പ്രമേയം

### വൈസ്ചാൻസലറെ നീക്കം ചെയ്ത നടപടി

മി. സ്പീക്കർ : യൂണിവേഴ്സിറ്റി സ്വയംഭരണാവകാശങ്ങളും നിയമവ്യവസ്ഥകളും പാടേ തകർത്തുകൊണ്ട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ സ്ഥാനത്തുനിന്ന് ഡോ. ബി. അശോകിനെ നീക്കംചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരൻ, എ. കെ. ബാലൻ, മാത്യു ടി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് ആദ്യം പറഞ്ഞതിനോട് യോജിക്കുന്നു. ഭരണപരമായ കാര്യങ്ങൾ ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ളത് അങ്ങാണ് തീരുമാനിക്കേണ്ടത്. പക്ഷേ ഞാൻ നേരത്തെ പറഞ്ഞിടത്ത് തന്നെയാണ് നിൽക്കുന്നത്. അങ്ങ് അനുവദിക്കുന്ന ഏത് കാര്യത്തിനും, അതൊരു തെറ്റായ പ്രീസിഡന്റാകരുതെന്നുള്ള അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുന്നെങ്കിലും മറുപടി പറയാൻ ഗവൺമെന്റ് തയ്യാറാണ്.